ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീമതി എം. ടി. പത്മ): സർ, മൺറോത്തുരുത്തിൽ മൽസ്യങ്ങൾക്കുണ്ടായിട്ടുള്ള രോഗത്തെക്കുറിച്ച് ഈ ഗവൺമെന്റിന് അറിവായിട്ടുണ്ട്. യുക്തമായ നടപടികൾ താമസംവിനാ കൈക്കൊള്ളുന്നതാണ്. ഇത് കഴിഞ്ഞകാലത്ത് വന്നിട്ടുള്ള Epizotic Ulcerative Syndrome എന്ന രോഗംതന്നെയാണ്. കഴിഞ്ഞ വർഷം കണ്ടിട്ടുള്ള സ്ഥിതിക്ക് തുടർന്ന് മൂന്നു വർഷങ്ങളിലുണ്ടാകുമെന്നാണ് മനസ്സിലാക്കുന്നത്. അതിന്റെ സ്വഭാവം അത്തരത്തിലുള്ളതാണ്.

## (6) പ്രീ-പ്രൈമറി വിദ്യാഭ്യാസം സാർവ്വത്രികമാക്കൽ

ശ്രീ. ജോർജ്ജ് ഈഡൻ: സർ, കേരളത്തിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസം സാർവ്വത്രികമാക്കുകയെന്നുള്ള ലക്ഷ്യത്തോടുകൂടി 1981-ൽ ആരംഭിച്ച വിദ്യാഭ്യാസ പദ്ധതി ഇന്ന് അവതാളത്തിലായിരിക്കുകയാണ്. ഇന്ന് 55 ഗവൺമെന്റ് സ്കൂളുകളിൽ മാത്രമേ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് സൗകര്യമുള്ളൂ. അതുകൊണ്ട് സ്വകാര്യ മേഖലയിൽ ഇന്ന് നഴ്സറി സ്കൂളുകളും കിൻറർഗാർട്ടൻ സ്കൂളുകളും തഴച്ചുവളരുകയാണ്. 2,000 രൂപ മുതൽ 5,000 രൂപ വരെ എൽ. കെ. ജി. പ്രവേശനത്തിനുവേണ്ടി രക്ഷാകർത്താക്കൾ കൊടുക്കേണ്ട ഗതികേട് വന്നിരിക്കുന്നു. ഇതുമൂലം സാധാരണക്കാരും പാവങ്ങളുമായ ആളുകൾക്ക് പ്രീ-പ്രൈമറി വിദ്യാഭ്യാസ സൗകര്യം നിഷേധിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് പ്രീ-പ്രൈമറി വിദ്യാഭ്യാസം സാർവ്വത്രികമാക്കാൻ വേണ്ട നടപടി അടിയന്തിരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): പ്രീ-പ്രൈമറി വിദ്യാഭ്യാസം കൂടുതൽ വ്യാപകമാക്കുന്നതിനുവേണ്ടി പരമാവധി പരിശ്രമങ്ങൾ ചെയ്യുന്നതാണ്. ഏകീകൃത പാഠ്യപദ്ധതി ഇതിനകം സ്റേററ് ഇൻസ്ററിററ്യൂട്ട് തയ്യാറാക്കിയിട്ടുണ്ട്. സ്റേററ് ഇൻസ്ററിററ്യൂട്ട് തന്നെ ഇതിന്റെ ഒരു മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. പി. ടി. എ.-കൾക്കും സന്നദ്ധ സംഘടനകൾക്കും ഇത്തരം സ്കൂളുകളാരംഭിക്കുന്നതിനുവേണ്ടി ഗവൺമെന്റ് സ്കൂളിൽ സ്ഥലം സൗകര്യപ്പെടുത്തി കൊടുക്കാമെന്ന് പറയുന്ന തീരുമാനം ഇപ്പോൾത്തന്നെ നിലവിലുണ്ട്. ഈ വഴിക്കെല്ലാം കഴിയുന്നത്ര പ്രോൽസാഹനങ്ങളെല്ലാം ഈ രംഗത്ത് ചെയ്യുന്നതാണ്. ഈ കാര്യത്തിൽ കൊടുക്കേണ്ട ഊന്നലിനെ പററി ഗവൺമെന്റിന് നല്ല ബോദ്ധ്യമുണ്ട്.

## (7) പ്ലസ് ടു കോഴ്സിന്റെ സിലബസ്

ശ്രീ. കെ. പി. നൂറുദ്ദീൻ: പ്ലസ് ടുവും പ്രീഡിഗ്രി സിലബസും ഏകീകരിക്കാത്തതിനെത്തുടർന്നുള്ള പ്ലസ് ടു വിദ്യാർത്ഥികളുടെ വിഷമം സൂചിപ്പിക്കാനാണ് ഞാനുദ്ദേശിക്കുന്നത്. അവിടെ പഠിക്കുന്ന വിദ്യാർത്ഥികൾ എൻ. സി. ഇ. ആർ. ടി. സിലബസനുസരിച്ചുള്ള പഠനമാണ് നടത്തുന്നത്. പ്രീഡിഗ്രിക്ക് പഠിക്കുന്നവരുടെ സിലബസ് വളരെ ലളിതവും മാർക്ക് കൂടുതൽ കിട്ടാൻ സാദ്ധ്യതയുള്ളതുമാണ്. അത് കാരണം പ്ലസ് ടു പഠിച്ച വിദ്യാർത്ഥികൾ ഡിഗ്രിക്ക് സെലക്ഷൻ കിട്ടാൻ ബുദ്ധിമുട്ടനുഭവിക്കുന്നു. മറേറവർക്ക് കൂടുതൽ എളുപ്പത്തിൽ സെലക്ഷൻ കിട്ടുന്നു. ഇത് പരിഹരിക്കാൻ സിലബസ് ഏകീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly